# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 945 20.03.2013-ൽ മറുപടിക്ക്

**പട്ടിക വിഭാഗ ക്ഷേമ നയം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>,, ഐ. സി. ബാലകൃഷ്ണൻ<br>,, എ. റ്റി. ജോർജ്<br>,, എം. പി. വിൻസെന്റ് | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പട്ടികവിഭാഗ ക്ഷേമ നയം പ്രഖ്യാപിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) & (ബി) | പട്ടികജാതി വിഭാഗത്തിന്റെ അവശതകൾ പരിഹരിക്കുന്നതിനും സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ക്രിയാത്മകമായി പൂർത്തിയാക്കുവാനും സമഗ്രമായ ഒരു പട്ടികജാതി വികസന നയം തയ്യാറാക്കുമെന്ന് 2013-14 വർഷത്തെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.<br>സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ദുർബല ജനവിഭാഗമായ പട്ടികജാതിക്കാരുടെ സർവ്വതോന്മുഖമായ പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് നൂതനമായ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ബഹു. കേരള ഗവർണർ കേരള നിയമസഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരം പട്ടികജാതി ജന വിഭാഗത്തിന്റെ പിന്നോക്കാവസ്ഥയും അവശതകളും പരിഹരിക്കുന്നതിനും സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വികസന ക്ഷേമ പദ്ധതികളുടെ പ്രയോജനം പൂർണ്ണമായി ഈ വിഭാഗം ജനങ്ങളിൽ എത്തിക്കുന്നതിനും പര്യാപ്തമായ വിധത്തിൽ സന്തുലിതവും സമഗ്രവും പുരോഗമനപരവുമായ ഒരു പട്ടികജാതി വികസന നയം നടപ്പു സാമ്പത്തികവർഷം തന്നെ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത വിഭാഗങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ് ; | | |
| (സി) | നയത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടോ; | (സി) & (ഡി) | നയത്തിന്റെ കരട് തയ്യാറാക്കി സമർപ്പിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് 19.03.2013 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 385/2013/പജപവവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | അതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാമാണ്? | | |

സെക്ഷൻ ആഫീസർ